"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതിവകുപ്പ് -എക്സൈസ് -ഭരണപരം-കൂത്തുപറമ്പ് എക്സൈസ് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ബിജു.കെ യുടെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.1123/2024/TAXES തീയതി,തിരുവനന്തപുരം, 17-12-2024

---

പരാമർശം:-

1. ശ്രീ.ബിജു.കെ യുടെ 11.11.2021 ലെ അപേക്ഷ.
2. കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ 10.02.2022, 17.02.2022 തീയതികളിലെ സി4/24339/21 നമ്പർ കത്തുകൾ
3. എക്സൈസ് കമ്മീഷണറുടെ 11.04.2022 ലെ ഇ.എക്സ്.സി/1392/2020-എക്സ്.ഇ6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൂത്തുപറമ്പ് എക്സൈസ് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ബിജു.കെ യുടെ വൃക്ക സംബന്ധമായ അസുഖത്തിന് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ തുടർ ചികിത്സയ്ക്കായി 10.07.2021-24.07.2021, 16.08.2021-30.08.2021 എന്നീ കാലയളവുകളിൽ ചെലവായ തുക മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.പ്രസ്തുത അപേക്ഷയിന്മേൽ 18,336/-രൂപ (11,159/- + 7177/-) അനുവദനീയമാണെന്ന് പരാമർശം (2) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കൂത്തുപറമ്പ് എക്സൈസ് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ബിജു.കെ യുടെ ചികിത്സക്ക് 10.07.2021 മുതൽ 24.07.2021 വരെയും, 16.08.2021 മുതൽ 30.08.2021 വരെയും കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ നടത്തിയ ചികിത്സക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ച തുകയായ 18,336/-രൂപയുടെ (11,159/- + 7177/-) രൂപയുടെ 80 % ആയ 14,669/- രൂപ പ്രതിപൂരണം ചെയ്ത് നൽകാൻ അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷജില എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം (ബില്ലുകളും അനുബന്ധ രേഖകളും സഹിതം ).
2.ശ്രീ.ബിജു.കെ,സിവിൽ എക്സൈസ് ഓഫീസർ,എക്സൈസ് റേഞ്ച് ഓഫീസ്, കൂത്തുപറമ്പ്.

3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് -ഇ.ആർ.എസ്.എ ) കേരളം, തിരുവനന്തപുരം.
4.ധനകാര്യ വകുപ്പ് (Loans-L4/309/2024-FIN-2969730 dated 02.12.2024).
5.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).
6.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 17-12-2024 13:19:00
സെക്ഷൻ ഓഫീസർ